**കേരള എക്സൈസ് വകുപ്പ്**
**“മാതൃഭാഷ-മലയാളം”**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 18/03/2020
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ::0471-2322825

പ്രേഷകൻ :

എക്സൈസ് കമ്മിഷണർ

ഗ്രാഹകൻ :

ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർമാർ.

എല്ലാ ഡിവിഷനുകളും

സർ,

വിഷയം : കോവിഡ് 19 -സുരക്ഷാ മാനദണ്ഡങ്ങൾ-FL3,FL4A,FL11 ലൈസൻസുകളുള്ള സ്ഥാപനങ്ങൾക്ക് നിർദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്.

സൂചന :

മേൽ വിഷയത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു . കോവിഡ് 19 വ്യാപനത്തിന്റെ സാധ്യതയും വേഗതയും കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടേയും അതിൻറെ ഭാഗമായ 'ബ്രേക്ക് ദി ചെയിൻ' ക്യാമ്പയിന്റെ ഭാഗമായി ബാർ ഹോട്ടലുകൾ(FL3),ബിയർ & വൈൻ പാർലറുകൾ(FL11), ക്ലബുകൾ(FL4A) തുടങ്ങിയ സ്ഥാപനങ്ങൾ പാലിക്കേണ്ട നിർദേശങ്ങൾ താഴെ ചേർക്കുന്നു.

1)ബാർ ഹോട്ടലുകൾ,ബിയർ & വൈൻ പാർലറുകൾ, ക്ലബുകൾ എന്നിവയുടെ പ്രവേശന കവാടത്തിൽ തന്നെ,കൈകൾ ശുചിയാക്കുന്നതിനായി വെള്ളം, സോപ്പ്/സാനിറ്റൈസർ എന്നിവയുള്ള കിയോസ്കുകൾ സ്ഥാപിക്കേണ്ടതാണ്.

2)ബാർ ഹോട്ടലുകളിലും,ബിയർ & വൈൻ പാർലറുകളിലും, ക്ലബുകളിലും ഉപയോഗിക്കുന്ന ഗ്ലാസുകൾ , പ്ലേറ്റുകൾ, ടേബിളുകൾ, മദ്യം അളന്നു കൊടുക്കാൻ ഉപയോഗിക്കുന്ന പെഗ് മെഷറുകൾ , ടി സ്ഥാപനങ്ങളിലെ കൌണ്ടറുകൾ എന്നിവ അണുവിമുക്തമായി രിക്കണം. ഓരോ മണിക്കൂർ ഇടവേളകളിൽ അണുനാശിനികൾ ഉപയോഗിച്ച് ഇവ അണുവിമുക്തമാക്കേണ്ടതാണ്.

3)ഈ സ്ഥാപനങ്ങളിൽ ഇരിക്കാൻ തയ്യാറാക്കിയിട്ടുള്ള സൗകര്യത്തിൽ അധികമായി ആൾക്കാരെ പ്രവേശിപ്പിക്കാനും കൂടി നിൽക്കുവാനും അനുവദിക്കാൻ പാടില്ല.

4)ബാർ ഹോട്ടലുകൾ,ബിയർ & വൈൻ പാർലറുകൾ, ക്ലബുകൾ എന്നിവിടങ്ങളിൽ

പ്രവർത്തിയെടുക്കുന്ന എല്ലാ ജീവനക്കാരും പ്രവർത്തിസമയം മുഴുവനും മാസ്കും ഗ്ലൗസുകളും ധരിക്കേണ്ടതാണ്.

5)ഈ സ്ഥാപനങ്ങളിലെ ആർക്കെങ്കിലും രോഗലക്ഷണങ്ങൾ കാണുകയാണെങ്കിൽ അവരെ ജോലിയിൽ നിന്നും മാറ്റി നിർത്തേണ്ടതും ജില്ല ഭരണ സംവിധാനം എർപ്പെടുത്തിയിട്ടുള്ള പരിശോധനകൾക്ക് വിധേയരാകുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാ ണ്.

6)'ബ്രേക്ക് ദി ചെയിൻ' ക്യാമ്പയിന്റെ ഭാഗമായി ബന്ധപ്പെട്ട നോട്ടിസുകൾ മേൽ സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതും വൈറസ് വ്യാപനം നിയന്ത്രിക്കുന്നതിനുള്ള ബോധവത്കരണത്തിന് ആവശ്യമായ നോട്ടിസുകൾ തയ്യാറാക്കി സ്ഥാപനത്തിൽ വരുന്നവർക്ക് നൽകേണ്ടതുമാണ്.

ഈ നിർദേശങ്ങൾ നടപ്പിലാക്കുന്നത് ബന്ധപ്പെട്ട ലൈസൻസികളുടെ ഉത്തരവാദിത്തമാണെന്ന് കണക്കാക്കപ്പെടും. ഈ നിർദേശങ്ങൾ എല്ലാ ലൈസൻസികൾക്കും ബന്ധപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർമാർ എത്തിച്ചു നൽകേണ്ടതും മേൽ നിർദേശപ്രകാരമാണ് ഡിവിഷനിലെ എല്ലാ ബാർ ഹോട്ടലുകളും, ബിയർ & വൈൻ പാർലറുകളും, ക്ലബുകളും പ്രവർത്തിക്കുന്നതെന്ന് ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർമാർ ഉറപ്പുവരുത്തേണ്ടതുമാണ്. മേൽ നിർദേശങ്ങൾ ലൈസൻസികൾക്ക് എത്തിച്ചതിന്റെ റിപ്പോർട്ട് 19.03.2020/10 AM മണിക്കകം ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർമാർ എക്സൈസ് ആസ്ഥാനത്ത് എത്തിച്ചു തരേണ്ടതുമാണ്.

Signature valid
Digitally signed by AANANTHAKRISHNAN S
Date: 2020.03.18 14:02:25 IST
Reason: Approved

വിശ്വസ്തതയോടെ
**S. AANANTHAKRISHNAN IPS**
**EXCISE COMMISSIONER**
എക്സൈസ് കമ്മിഷണർ

പകർപ്പ്:**1.**ജോയിന്റ് എക്സൈസ് കമ്മീഷണർമാർ(ദക്ഷിണ/മദ്ധ്യ/ഉത്തര മേഖല)
**2.**അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ(എല്ലാം)
**3.**എക്സൈസ് സർക്കിൾ/റേഞ്ച് ഇൻസ്പെക്ടർ/(എല്ലാം)
**4.**ഉത്തരവ് ഫയല്/കരുതൽ ഫയൽ.